അദ്ധ്യായം 9

സമഗ്ര പരിപാടികളും സംയോജന സാധ്യതകളും

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലേയും പൈതൃക ഗ്രാമങ്ങളെ കോർത്തിണക്കി കൊണ്ട് സഞ്ചാരികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ടൂറിസം കണക്ടിവിറ്റി സാധ്യമാക്കാൻ " നാട്ടുപച്ച" എന്ന പേരിൽ ടൂറിസം വികസനത്തിനായി സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നു. ഓരോ ഗ്രാമപഞ്ചായത്തിലേയും തനത് കലാ- കായിക ഇനങ്ങളെ പരിപോഷിപ്പിക്കാൻ ആരവം 2026 എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സമ്പൂർണ്ണ മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യത്തിന് സഹായകരമായ വിധത്തിൽ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളുടെയും ശുചിത്വ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ശുചിത്വ മിഷൻ സഹായം ഉറപ്പു വരുത്തിക്കൊണ്ടുള്ള സമഗ്ര പദ്ധതി , "ഏഴഴക്"(VIBGYOR) ഈ വർഷവും തുടരുന്നു

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് കൊണ്ട് ഒരു ഗ്രാമപഞ്ചായത്തിൽ ഒരു വാർഡ് മാതൃകാ വാർഡായി തെരഞ്ഞെടുത്ത് ജലസംരക്ഷണ പ്രവർത്തികൾക്കായി "ജല സുരക്ഷ-ജല സുഭിക്ഷ " എന്ന പദ്ധതി ഈ വർഷവും തുടരുന്നു. മാതൃകാ വാർഡില് എല്ലാ വീടുകളിലും സോക്കേജ് പിറ്റ്, മഴവെള്ള സംഭരണ സംവിധാനങ്ങൾ ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം.

മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന സംയുക്ത പദ്ധതികളുടെ പട്ടിക താഴെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്ടിന്റെ പേര്	നി.ഉ	ജനറൽ	എസ്. സി.പി	ടി.എസ് .പി	തനത്ഫ ണ്ട്	മറ്റ് തസ്വഭവ വിഹിതം	മറ്റുള്ളവ	ആകെ
1	പി എം എ വൈ ഭവന പദ്ധതി വിഹിതം (ജനറൽ)	SEC	11200000				16800000	12000000	40000000
2	MOBILE ABC പ്രൊജക്ട്-ജില്ലാ– ബ്ലോക്ക് – ഗ്രാമ പഞ്ചായത്ത് സംയുകത പദ്ധതി	SEC					2000000	1500000	3500000
3	കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ വഴി കാലിത്തീറ്റ സബ്സിഡി	DEO	3000000				1400000	4400000	8800000
4	വള്ളകെട്ട് നീക്കം ചെയ്യുന്നതിന് ജല നിർഗമന ചാലുകളുടെ നിർമ്മാണം.– രാമന്തളി ഗ്രാമപഞ്ചായത്ത്	SEC	500000			100000	800000		1400000
5	പയ്യന്നൂർ പെരുമ – പൈതൃക ഗ്രാമ യാത്ര– CONNECTING TOURISM PROJECT	SEC	200000			200000	700000	400000	1500000
6	ഗ്രാമീണ ടൂറിസം പ്രോത്സാഹന പദ്ധതി – തനത് കലാ കായിക ഇനങ്ങളുടെ സീസണൽ ഫെസ്റ്റിവൽ	SEC	200000			200000	700000	400000	1500000
7	ടൂറിസം നിർമാണ പ്രവൃത്തികൾ – വ്യൂ പോയന്റ്സ്, റോക്ക് ഗാർഡൻ	AE	500000			100000	700000	700000	2000000

8	പാലിയേറ്റീവ് പരിചരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം	SEC	700000						700000
9	ഡബിൾ ചേന്പർ ഇൻസിനറേറ്റർ ഇടർ പ്രവർത്തനം	AEE					700000	2500000	3200000
10	അംഗന വാടികളിൽ വനിതാ ജിംനേഷ്യം	CDPO	700000				700000		1400000
11	മിശ്രവിവാഹ ധനസഹായം – ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം	SCDO		700000			350000		1050000
12	പി.എം.എ.വൈ എസ്. ടി വിഭാഗം	SEC			224000		336000	240000	800000
13	PMAY –ഭവന പദ്ധതി എസ്.സി വിഭാഗം	SEC		224000			336000	240000	800000
14	ബഡ്സ് സ്കൂൾ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം	SEC	769000					1000000	1769000